വിധവകൾക്കുള്ള ധനസഹായം

688 [1002] ശ്രീ. പി. എം. അബുബേക്കർ:

ശ്രീ. പി. പി. വി. മൂസ്സ:

ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തു കൊടുക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നതിനു 18 വയസ്സ് പൂർത്തിയാകണമെന്നുള്ള വ്യവസ്ഥ ഉണ്ടോ;

(ബി) എങ്കിൽ ഈ വ്യവസ്ഥ വേണ്ടെന്നു വയ്ക്കാനോ, മുസ്ലീങ്ങളെ ഇതിൽ നിന്നു ഒഴിവാക്കുവാനോ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻഡ്യാ ഗവൺമെൻറ് ചൈൽഡ് മാരിയേജ് റസ്ട്രേയ്ൻറ് അമെൻറുമെൻറ് ആക്ട് (Child Marriage Restraint Amendment Act) ഭേദഗതി ചെയ്യാത്ത കാലത്തോളം ഈ വ്യവസ്ഥ വേണ്ടെന്നു വയ്ക്കാനോ മുസ്ലീങ്ങളെ ഒഴിവാക്കുവാനോ സാദ്ധ്യമല്ല.

പ്രൊട്ടക്ടറേഡ് ടീച്ചേഴ്സ്

689 [1004] ശ്രീ. പി. ടി. കുഞ്ഞുട്ടി ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പ്രൊട്ടക്ടറേഡ് ടീച്ചേഴ്സ് ഉണ്ട്;

(ബി) അവരിൽ ഗവൺമെൻറ് സർവ്വീസിൽ അബ്സോർബ് ചെയ്തവർ എത്ര;

(സി) പ്രൊട്ടക്ടറേഡ് ടീച്ചേഴ്സിൻെറ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്തെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 2130 പേർ.

(ബി) അവരിൽ തിരുവനന്തപുരം മേഖലയിൽ പെട്ട 25 ജൂനിയർ ഹിന്ദി അദ്ധ്യാപകരൊഴിച്ച് മറെറല്ലാവരേയും ഗവൺമെൻറ് സ്കൂളുകളിൽ വർക്കിംഗ് അറേജ്മെൻറിൽ നിയമിച്ചിട്ടുണ്ട്. ആരെയും സ്ഥിരമായി ഗവൺമെൻറ് സ്കൂളുകളിൽ അബ്സോർബ് ചെയ്തിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly